പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 1186

13/12/2012-ൽ മറുപടി
നൽകേണ്ടത്

ഭൂരഹിതരില്ലാത്ത കേരളം

ചോദ്യം

ശ്രീ. സണ്ണി ജോസഫ്
ശ്രീ.എ.ടി. ജോർജ്
ശ്രീ.ഐ.സി. ബാലകൃഷ്ണൻ
ശ്രീ. എം.എ. വാഹീദ്

ഉത്തരം

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(എ) 2015 ഓടുകൂടി കേരള സംസ്ഥാനത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യം കൈവരിക്കുന്നതിലേക്കാണ് "Zero Landless (Citizens) Kerala 2015" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ടി പദ്ധതി പ്രകാരം ഓരോ ഭൂരഹിത കുടുംബത്തിനും ഭവന നിർമ്മാണത്തിന് അനുയോജ്യമായ 3 സെന്റ് ഭൂമി വീതം പതിച്ച നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതി വഴി സൗജന്യ ഭൂമി ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ തയ്യാറാക്കിയിട്ടുണ്ട് ;

(ബി) ഈ പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകളിന്മേൽ വില്ലേജാഫീസർ, തഹസിൽദാർ എന്നിവരുടെ പരിശോധന പൂർത്തിയാക്കി പ്രഥമദൃഷ്ട്യാ ഭൂമി കിട്ടുന്നതിന് അർഹരാണെന്ന് കണ്ടെത്തിയിട്ടുള്ള അപേക്ഷകരുടെ വിശദാംശങ്ങൾ ജില്ലാ ഐ.റ്റി സെല്ലുകളുടെ സഹായത്തോടുകൂടി പദ്ധതിയുടെ വെബ്സൈറ്റായ www.zerolandless.Kerala.gov.in/public corner] 15/08/2012ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം അർഹരായ മുഴുവൻ അപേക്ഷകർക്കും വീട് വയ്ക്കുന്നതിന് അനുയോജ്യമായ 3 സെന്റ് ഭൂമി വീതം നൽകുന്നതിന് ആവശ്യമായ ഭൂമിയുടെ ലഭ്യത ജില്ലാതലത്തിൽ പരിശോധിച്ച വരികയാണ്.

| | |
|---|---|
| (സി) പരമാവധി പേർക്ക് സ്വന്തം ജില്ലയിൽ തന്നെ ഭൂമി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (സി) കഴിയുന്നത്ര ആളുകൾക്ക് അതാത് ജില്ലയിൽ തന്നെ ഭൂമി കണ്ടെത്തി നൽകുന്നതിനുള്ള ഊർജ്ജിത നടപടികളാണ് സ്വീകരിച്ചു വരുന്നത്. |
| (ഡി) പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (ഡി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സഹായം ഒന്നും തന്നെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ